(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ കാര്യക്ഷമതയ്ക്ക് ശരിയായ നടത്തിപ്പിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഇത്തരം ഒരു ബോർഡ് രൂപീകരിക്കുന്നത് അനിവാര്യമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ബോർഡ് എന്നത്തേയ്ക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഹയർ സെക്കണ്ടറി പരീക്ഷാ നടത്തിപ്പിനായി "ബോർഡ് ഓഫ് ഹയർ സെക്കണ്ടറി എക്സാമിനേഷൻ ഗവൺമെന്റ് ഓഫ് കേരള" ഇപ്പോൾത്തന്നെ നിലവിലുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി&ഡി) ഇത്തരം ഒരു നിർദ്ദേശം പരിഗണനയിൽ വന്നിട്ടില്ല.

**ഗൾഫ് പര്യടനത്തിൽ ലഭിച്ച നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടി**

5 (*272) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. കെ. മുഹമ്മദാലി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഏപ്രിൽ മാസത്തിൽ പാർലമെന്ററി കാര്യവകുപ്പുമന്ത്രി നടത്തിയ ഗൾഫ് രാജ്യങ്ങളിലെ പര്യടന വേളയിൽ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനങ്ങൾ ലഭിച്ചിരുന്നു ;

(ബി) ഈ നിവേദനങ്ങളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ&ബി) പ്രവാസി മലയാളികളിൽ നിന്നും, ഗൾഫിലെ പല പ്രവാസി സംഘടനകളിൽ നിന്നും, വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. നാട്ടിലെ ബന്ധുജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, നാട്ടിലെ ബന്ധുജനങ്ങൾക്കും, അവരുടെ സ്ഥാവര ജംഗമ വസ്തുക്കൾക്കും സംരക്ഷണം നൽകുക, വൈദ്യുതി കണക്ഷനും, ടെലഫോൺ

LIBRARY ARCHIVES Kerala Legislative Assembly

കണക്ഷനും ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക, പ്രവാസി മലയാളികളുടെ കുട്ടികൾ ഗൾഫിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, അമിതമായ വിമാനയാത്രക്കൂലി കുറയ്ക്കാൻ നടപടി സ്വീകരിക്കുക, കപ്പൽ സർവ്വീസ് ആരംഭിക്കുക, മെഡിക്കൽ/എൻജിനീയറിംഗ് പ്രവേശന പരീക്ഷകൾ നടത്തുന്നതിന് ഗൾഫ് നാടുകളിൽ പരീക്ഷാകേന്ദ്രങ്ങൾ ആരംഭിക്കുക, പ്രവാസി മലയാളികളിൽ നിന്നും പണം തട്ടിച്ച് നാട്ടിലെത്തിയവരെ കണ്ടുപിടിച്ച് പണം ലഭ്യമാക്കുന്നതിനും, മാതൃകാപരമായി ശിക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഇവയിൽ ഉൾപ്പെടുന്നു.

നിവേദനങ്ങൾ എല്ലാ സമഗ്രമായി പരിശോധിക്കുകയും, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും പരിഹാരം കാണേണ്ട നിവേദനങ്ങൾ പരിശോധിക്കുകയും വിദേശകാര്യ വകുപ്പുമന്ത്രി, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, വ്യോമയാന വകുപ്പുമന്ത്രി, കേന്ദ്ര തൊഴിൽമന്ത്രി എന്നിവരെ നോർക്ക വകുപ്പുമന്ത്രി നേരിൽ കാണുകയും നിവേദനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് മാനദണ്ഡം

6 (*273) ശ്രീ. മത്തായി ചാക്കോ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) സ്വകാര്യ-പൊതുമേഖലാ സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ട ഒരേ നിരക്കിലാണോ ; ഇല്ലെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ സ്ഥാപനങ്ങളുണ്ടോ ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അവിടുത്തെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച സർക്കാർ നിർദ്ദേശം എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly